# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

പാർക്കിംഗ് സൗകര്യം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1683** 06.03.17- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വാണിജ്യാവശ്യങ്ങൾക്കായി ഷോപ്പിംഗ് മാളുകൾക്കും മറ്റ് വാണിജ്യ കെട്ടിടങ്ങൾക്കും പെർമിറ്റ് നൽകുമ്പോൾ പാർക്കിംഗ് സൗകര്യം നിബന്ധനയായി വയ്ക്കാറുണ്ടോ; ഇത് സംബന്ധിച്ച ചട്ടമെന്തെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 38 എന്നിവ പ്രകാരം വിവിധ ഒക്യുപെൻസികളിൽ പെട്ട കെട്ടിടങ്ങൾക്ക് ഉണ്ടായിരിക്കേണ്ട ഓഫ്-സ്ട്രീറ്റ് പാർക്കിംഗ് സൗകര്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. ഇതനുസരിച്ച് ബിസിനസ്/ഓഫീസ്, മെർക്കന്റൈൽ/ കൊമേഴ്സ്യൽ തുടങ്ങി വിവിധ ഒക്യുപെൻസികളിൽ പെട്ട കെട്ടിടങ്ങൾക്കും ഇത്തരം പാർക്കിംഗ് സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. |
| (ബി) | ഇത്തരത്തിൽ പാർക്കിംഗിനായി മാറ്റിവയ്ക്കുന്ന ഭാഗങ്ങളിൽ വാഹന പാർക്കിംഗിന് ഷോപ്പിംഗ് മാളുകളിൽ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പ്രസ്തുത നടപടി നിയമ വിധേയമാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | ഇത്തരം പാർക്കിംഗ് ഫീസ് ഈടാക്കൽ നിരോധിച്ച് കൊണ്ട് ഉത്തരവിറക്കാൻ സർക്കാർ തയ്യാറാകുമോ? | (സി) | ഇത്തരത്തിലുള്ള പരാതി ലഭിക്കുന്ന പക്ഷം ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ